15 –ാം കേരള നിയമസഭ

14 –ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1787 **29-09-2025 - ൽ മറുപടിയ്ക്ക്**

സർക്കാർ - എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ പ്രൊമോഷൻ

ചോദ്യം		ഉത്തരം	
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി		ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)	
(എ)	സംസ്ഥാനത്തെ സർക്കാർ - എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ പ്രൊമോഷൻ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;	(എ)	സംസ്ഥാനത്തെ എയ്ഡഡ് എൻജിനീയറിംഗ് കോളേജുകളിലെ നിർദ്ദിഷ്ട യോഗ്യതയുള്ള അദ്ധ്യാപകരുടെ പ്രൊമോഷൻ തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
(ബി)	എ. ഐ. സി. ടി. ഇ. (ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ) റഗുലേഷൻ പ്രകാരവും 2021 -ലെ സർക്കാർ ഉത്തരവു പ്രകാരവും ഫ്ലെക്സിബിൾ പ്രൊമോഷൻ നടത്താൻ ഉത്തരവുണ്ടോ;	(ബി)	ഫ്ലെക്സിബിൾ കേഡർ സംബന്ധിച്ച് AICTE യുടെ 01.03.2019 ലെ വിജ്ഞാപനം നം.61-1/RIFD/7thCPC/2016-17 പ്രകാരം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് മേഖലയിൽ നിലവിലുണ്ടായിരുന്ന കരിയർ അഡ്വാൻസ് സ്കീമിന് (CAS) പകരം 01.03.2019 മുതൽ ഫ്ലെക്സിബിൾ കേഡർ സ്ട്രക്ചർ (FCS) സമ്പ്രദായം നിർദേശിച്ചിരിക്കുകയാണ്. എന്നാൽ ഫ്ലെക്സിബിൾ കേഡർ സംവിധാനം നടപ്പിലാക്കുന്ന വിഷയത്തിൽ കൂടുതൽ വ്യക്തത ആവശ്യമുള്ളതിനാൽ വിഷയം പരിശോധിച്ച് വരുന്നു.
(സി)	ഇല്ലെങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദമായ ഉത്തരവ് പുറപ്പെടുവിക്കാനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;	(സി)	ഫ്ലെക്സിബിൾ കേഡർ സംബന്ധിച്ച് AICTE യുടെ 01.03.2019 ലെ വിജ്ഞാപനം നം.61-1/RIFD/7thCPC/2016-17 പ്രകാരം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് മേഖലയിൽ നിലവിലുണ്ടായിരുന്ന കരിയർ അഡ്വാൻസ് സ്കീമിന് (CAS) പകരം 01.03.2019 മുതൽ ഫ്ലെക്സിബിൾ കേഡർ സ്ട്രക്ചർ (FCS) സമ്പ്രദായം നിർദേശിച്ചിരിക്കുകയാണ്. എന്നാൽ ഫ്ലെക്സിബിൾ കേഡർ സംവിധാനം നടപ്പിലാക്കുന്ന വിഷയത്തിൽ കൂടുതൽ വ്യക്തത ആവശ്യമുള്ളതിനാൽ വിഷയം പരിശോധിച്ച് വരുന്നു.
(ഡി)	എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഫ്ലെക്സിബിൾ പ്രൊമോഷൻ നടത്താൻ അനുവാദം കൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ വേണ്ട	(ഡി)	നിർദ്ദിഷ്ട യോഗ്യത, ശമ്പളം, പ്രൊമോഷൻ എന്നിവയിലെല്ലാം സർക്കാർ/എയ്ഡഡ് മേഖലയിൽ ഒരേ മാനദണ്ഡങ്ങളാണ് പിൻതുടരുന്നത് എന്നതിനാൽ എയ്ഡഡ്

	ഉത്തരവിറക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;		മേഖലയിൽ മാത്രമായി flexible Cadre Structure സംവിധാനം നടപ്പാക്കാൻ സാധിക്കുകയില്ല.
(ഇ)	എ.ഐ.സി.ടി.ഇ. റഗുലേഷൻ പ്രകാരവും ബന്ധപ്പെട്ട സർക്കാർ ഉത്തരവുപ്രകാരവും കേഡർ സ്ട്രക്ച്ചർ നിലനിർത്താൻ നിർദേശമുണ്ടോ;	(ഇ)	എ.ഐ.സി.ടി.ഇ. റഗുലേഷൻ ക്ലോസ് - 3 കേഡർ സ്ട്രക്ച്ചർ പ്രകാരം മിനിമം കേഡർ റേഷ്യോ പാലിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്.
(എഫ്)	എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ കേഡർ പ്രൊമോഷൻ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം പ്രൊമോഷനുകളെ സർവ്വകലാശാല അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രൊമോഷൻ അംഗീകരിക്കാൻ സർവ്വകലാശാലക്ക് നിർദേശം നൽകാമോ;	(എഫ്)	എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ കേഡർ പ്രൊമോഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.
(ജി)	പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സാങ്കേതിക സർവ്വകലാശാല സർക്കാരിനോട് വിശദീകരണം ചോദിച്ചിരുന്നോ; എങ്കിൽ അതിന് നൽകിയ മറുപടി വ്യക്തമാക്കുമോ; പകർപ്പ് ലഭ്യമാക്കുമോ?	(ജി)	എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ കേഡർ പ്രൊമോഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ